# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5386      01.07.2019 ൽ മറുപടിക്ക്

## സംരംഭക സഹായ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കൃഷ്ണൻ<br>ശ്രീ.സി.കെ. ഹരീന്ദ്രൻ<br>ശ്രീ.കെ. ദാസൻ<br>ശ്രീ.എം. മുകേഷ് | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | എ) | സംസ്ഥാനത്ത് പരമാവധി സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും അവയുടെ പുനരുദ്ധാരണത്തിനുമായി ചുവടെ പറയുന്ന പദ്ധതികൾ വ്യവസായ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.<br>• സംരംഭകത്വ സഹായപദ്ധതി<br>• നാനോ/ ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി<br>• കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി<br>• തകർച്ച നേരിടുന്ന എംഎസ്എംഇ കളുടെ പുനരുദ്ധാരണ പദ്ധതി<br>മേൽ പദ്ധതികൾക്ക് പുറമേ പ്രളയബാധിതരായിട്ടുള്ള നിലവിലുള്ള MSME യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിലേക്കായി - പ്രളയ പുനരുദ്ധാരണ പദ്ധതി (വിഹിതം 1000 ലക്ഷം രൂപ), പ്രളയ പുനർ നിർമ്മാണ പദ്ധതി(വിഹിതം 600 ലക്ഷം രൂപ) എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) | സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് മൂലധന സഹായം നൽകുന്നതിനും കൂടുതൽ വിറ്റുവരവ് സാധ്യമാക്കുന്നതിനുമായി സംരംഭക സഹായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) | ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | സി) | സംരംഭക സഹായ പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു |

| | | | |
|---|---|---|---|
| | | | • പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു. പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭകർക്കും യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.<br><br>• മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.<br><br>• ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു. |
| ഡി) | സംരംഭക സഹായ പദ്ധതിയുടെ നിശ്ചിത ശതമാനം ഗുണഭോക്താക്കൾ സ്ത്രീകൾ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | ഡി) | 2019-20 ലെ പ്ലാൻ റൈറ്റപ്പിൽ സംരംഭക സഹായ പദ്ധതിയുടെ 20% ഗുണഭോക്താക്കളും സ്ത്രീ സംരംഭകരായിരിക്കും എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. |
| ഇ) | സർക്കാർ സ്ഥാപനങ്ങൾ, ഏജൻസികൾ, സർക്കാർ ഇതര സ്ഥാപനങ്ങൾ എന്നിവ വഴി സംരംഭകരെ കണ്ടെത്തി അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ? | ഇ) | സംരംഭക സഹായ പദ്ധതിയുടെ മാർഗരേഖയിൽ സംരംഭകരെ കണ്ടെത്തി അവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിലേക്കായി പ്രത്യേക സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല എന്നാൽ ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് പുറമെ കേരളാ സ്റ്റേറ്റ് വ്യവസായ വികസന കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി), കേരളാ ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി) എന്നിവ സ്പോൺസർ ചെയ്യുന്ന MSME യൂണിറ്റുകൾക്ക് സംരംഭക സഹായ പദ്ധതി പ്രകാരം ആനുകൂല്യം അനുവദിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**